# ഈ പ്രാർഥനകളെ കരുതിയിരിക്കുക

പി.എസ് കുഞ്ഞുമൊയ്തീൻ ആലുവ

عن أَبي هُريْرَة قَال: قَال رَسولُ الله ﷺ: ثَلاَثُ دَعَوَاتٍ مُستَجابات لاَ شَكَّ فِيهِنَّ: دَعْوَةُ المظْلُومِ وَدَعْوَةُ المُسَافِرِ وَدعْوَةُ الوَالِدِ عَلَى وَلَدِه

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "ഉത്തരം നൽകപ്പെടുമെന്നതിൽ യാതൊരു സംശയവുമില്ലാത്ത മൂന്ന് പ്രാർഥനകൾ– മർദിതന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന, മക്കൾക്കെതിരെ മാതാപിതാക്കളുടെ പ്രാർഥന" (അബൂദാവൂദ്, തിർമിദി).

**ദൈവസ്മരണ** മനുഷ്യമനസ്സിന് സമാധാനമേകുന്നു, പ്രാർഥനകൾ പ്രതീക്ഷയും. ചില സന്ദിഗ്ധ ഘട്ടങ്ങളിൽ മനസ്സുരുകിയുള്ള പ്രാർഥന അല്ലാഹു വളരെ പെട്ടെന്ന് കൈകൊള്ളുകയും ഉത്തരം നൽകുകയും ചെയ്യും. അത്തരം മൂന്ന് സന്ദർഭങ്ങളാണ് ഈ നബിവചനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഒന്നാമത്തേത് മർദിതന്റെ പ്രാർഥനയാണ്. മർദനങ്ങളും പീഡനങ്ങളും സഹിക്കുന്നവരുടെ ദയനീയമായ വിളി –അത് വ്യക്തിയാവാം, സമൂഹമാവാം, ഭരണകൂടമാവാം. അല്ലാഹു അവരുടെ പ്രാർഥന സ്വീകരിക്കാതിരിക്കില്ല. അധികാരികളെ ഭയന്ന് അനീതിക്കെതിരെ ശബ്ദിക്കാൻ വായ് തുറക്കാത്ത സമൂഹത്തിൽ നന്മയുടെ വക്താക്കൾ ഒറ്റപ്പെട്ട് പോകാറുണ്ട്. അക്രമത്തിനും അനീതിക്കുമെതിരെയുള്ള അവരുടെ നിലപാട്, അവകാശങ്ങൾക്കും നിലനിൽപിനും വേണ്ടിയുള്ള പോരാട്ടം ഇതൊക്കെയും ഭരണവർഗത്തിന്റെ എതിർപ്പും പീഡനങ്ങളും ക്ഷണിച്ചുവരുത്തും. പീഡിതരുടെ ഈ പ്രാർഥനക്ക്/ നിലവിളിക്ക് അല്ലാഹു ഉത്തരം ചെയ്തതിന്റെ നിരവധി സന്ദർഭങ്ങൾ നമുക്ക് ചരിത്രത്തിൽ വായിക്കാം. അത് അല്ലാഹുവിന്റെ സഹായമാണ്, നീതിയുടെ തേട്ടമാണ്. ദൈവത്തിൽ വിശ്വസിച്ചു എന്നതല്ലാതെ മറ്റൊരു കുറ്റവും ചെയ്യാത്തവർ, ഉറ്റവരും ഉടയവരും സഹായത്തിനില്ലാത്തവർ.... ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന അല്ലാഹു അവരുടെ കാര്യത്തിൽ ഇടപെടാതിരിക്കുമോ? പ്രവാചകൻ പലപ്പോഴും നമ്മെ ഓർമിപ്പിച്ചു: 'സൂക്ഷിക്കുക, മർദിതന്റെ പ്രാർഥനയെ.'

രണ്ടാമത്തേത് യാത്രക്കാരന്റെ ആവലാതിയാണ്. യാത്രയിൽ മനുഷ്യൻ പലപ്പോഴും ഒറ്റപ്പെടുന്നു. വീട്ടുകാരിൽനിന്നും നാട്ടുകാരിൽനിന്നും പരിചിതരിൽനിന്നും അകലുന്നു. അവൻ നിരാലംബനാണ്. ഇത് അവനെ ശാരീരികമായും മാനസികമായും തളർത്തുന്നു. അപകട സന്ധികളിൽ വിളിച്ചാൽ സഹായത്തിനാരുമില്ല. രോഗങ്ങൾ വന്നുപെട്ടാൽ ശുശ്രൂഷിക്കാനാളില്ല. ഭക്ഷണ പാനീയങ്ങൾ തീർന്നുപോയാൽ, പണം അപഹരിക്കപ്പെട്ടാൽ യാത്രികൻ വലഞ്ഞതുതന്നെ. ഇങ്ങനെ അസ്വസ്ഥമായ മനസ്സിന്റെ ഉടമയായിരിക്കും യാത്രക്കാരൻ. പ്രതിസന്ധി ഘട്ടങ്ങളിൽ അയാൾ തന്റെ സ്രഷ്ടാവിനെ വിളിച്ചു പ്രാർഥിച്ചാൽ, ഈ നിസ്സഹായനെ രക്ഷിതാവിന് എങ്ങനെ കൈവെടിയാനാവും? ഈ യാത്രക്കാരന്റെ പ്രാർഥനക്ക് ഉടനടി ഉത്തരം നൽകപ്പെടും.

മൂന്നാമത്തേത്, പെറ്റവയറിന്റെ രോദനമാണ്. മക്കളുടെ എല്ലാ കുറ്റങ്ങളും പൊറുക്കാൻ തയാറുള്ള മാതൃഹൃദയത്തിന്റെ അസഹ്യതയുടെ വിളിയാണ്. ഒരു മാതാവും തന്റെ മക്കൾക്കെതിരെ അവരെ ശിക്ഷിക്കാൻ പ്രാർഥിക്കുമെന്ന് കരുതാനാവില്ല. പക്ഷേ, മക്കളുടെ അസഹനീയമായ പെരുമാറ്റങ്ങളും ഉപദ്രവങ്ങളും തുടർക്കഥയാകുമ്പോൾ, പൊറുതിമുട്ടി ഏതെങ്കിലും മാതാവ് അങ്ങനെ പ്രാർഥിച്ചുപോയാൽ, ആ പ്രാർഥനയുണ്ടല്ലോ, അത് ഭൂമിയെ പിളർക്കുന്നതായിരിക്കും. കരിങ്കല്ലിനെ ധൂളിയാക്കുന്നതായിരിക്കും മക്കൾക്കെതിരെ മാതാപിതാക്കളുടെ പ്രാർഥന. അതിന് ഉടൻ തന്നെ ആകാശലോകത്ത് നിന്നും പ്രത്യുത്തരം ലഭിക്കുന്നതാണ്. ■